പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2471**

06/12/2018 ൽ മറുപടിക്ക്

## കെൽട്രോൺ ജീവനക്കാരന്റെ മെഡിക്കൽ ലീവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കെ. ബഷീർ** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കെൽട്രോണിൽ ജൂനിയർ എഞ്ചിനീയറായി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ.സോമപ്പൻ എന്നയാളുടെ മെഡിക്കൽ ലീവ് ലോസ് ഓഫ് പേ ആക്കിയത് ഒഴിവാക്കി ഡ്യൂട്ടി ലീവ് ആയി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നോ; വ്യക്തമാക്കുമോ; | (എ) ശ്രീ.സോമപ്പൻ കെൽട്രോൺ, മാനേജിംഗ് ഡയറക്ടർക്ക് 03/10/2017 ൽ അപേക്ഷ നൽകിയിരുന്നു. |
| ബി) ഇക്കാര്യത്തിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കെൽട്രോൺ എം.ഡി. യുമായി ഇതു സംബന്ധമായി നടന്ന കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | ബി) ശ്രീ.സോമപ്പൻ ജോലിയിൽ നിന്ന് മാറി നിന്ന കാലയളവിലെ ശൂന്യവേതനാവധി, ടിയാന്റെ ക്രെഡിറ്റിലുള്ള ലീവുകൾ പരിശോധിച്ച് പരമാവധി ക്രമപ്പെടുത്തി നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കെൽട്രോൺ മാനേജിംഗ് ഡയറക്ടറുമായി ഇത് സംബന്ധിച്ച് നടന്ന കത്തിടപാടുകളുടെ പകർപ്പ് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| സി) 03-01-2017-ൽ നൽകിയ പ്രസ്തുത അപേക്ഷയിൽ രണ്ടു വർഷമാകാറായിട്ടും തീരുമാനമെടുക്കുന്നതിന് തടസ്സമായിട്ടുള്ളതെന്താണ്; ഇക്കാര്യത്തിൽ കെൽട്രോൺ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) മേൽപറഞ്ഞ പ്രകാരം നടപടി സ്വീകരിക്കുമെന്നുള്ള വിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | ഫയലിൽ നടപടി വേഗത്തിലാക്കി തീർപ്പാക്കുന്നതിന് കാലതാമസം വരുത്തിയവരെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഡി) | കമ്പനി നിഷ്കർഷിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി തന്നെയാണ് പ്രസ്തുത ഫയലിൽ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

File No.IND-D3/106/2018-IND

3/4/18 733

കേരള സർക്കാർ

വ്യവസായ (ഡി) വകുപ്പ്

നമ്പർ.ഡി3/106/2018/വ്യവ

03/11/2018,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ ,
കെൽട്രോൺ,
തിരുവനന്തപുരം.

സർ,

വിഷയം:- വ്യവസായ വകുപ്പ്-കെൽട്രോൺ എംപ്ലോയീസ് യുണൈറ്റഡ് ഫോറം സെക്രട്ടറിയും,കെൽട്രോൺ ജൂനിയർ എഞ്ചിനിയറുമായ ശ്രീ. സോമപ്പന്റെ അപേക്ഷ - നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 28-05-2018-ലെ ഇതേ നമ്പർ കത്തും 06-07-2018, 27-09-2018 എന്നീ തീയതികളിലെ ഓർമ്മക്കുറിപ്പുകളും .

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുമായി താങ്കൾ 08/11/2018 ന് രാവിലെ 11 മണിക്ക് വ്യവസായ (ഡി) വകുപ്പ് സെക്ഷൻ ഓഫീസർ മുൻപാകെ ഹാജരാകേണ്ടതാണ്.

വിശ്വസ്തതയോടെ,
JAYASREE V K
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

HRD
Mr. Rajesh

834
4/10/18

611
4/10/18

കേരള സർക്കാർ

വ്യവസായ(ഡി) വകുപ്പ്

27/09/2018,തിരുവനന്തപുരം

നമ്പർ.ഡി3/106/2018/വ്യവ

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ

കെൽട്രോൺ

തിരുവനന്തപുരം

സർ,

വിഷയം:- കെൽട്രോൺ എംപ്ലോയീസ് യുണൈറ്റഡ് ഫോറം സെക്രട്ടറിയും, കെൽട്രോൺ ജൂനിയർ എഞ്ചിനിയറുമായ ശ്രീ. സോമപ്പന്റെ മെഡിക്കൽ ലീവ് ലോസ് ഓഫ് പേ ആക്കിയത് ഒഴിവാക്കി ഡ്യൂട്ടി ലീവ് ആയി പരിഗണിച്ച് തടഞ്ഞു വച്ച ആനുകൂല്യങ്ങൾ നൽകണമെന്ന അപേക്ഷ -നടപടി സ്വീകരക്കുന്നത് സംബന്ധിച്ച്

സൂചന:- സർക്കാരിന്റെ 28-05-2018-ലെ ഇതേ നമ്പർ കത്തും 06-07-2018-ലെ ഓർമ്മക്കുറിപ്പും

സൂചനയിലെ സർക്കാർ കത്തിൽ ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് മടക്കത്തപാലിൽ ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
JAYASREE V K
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No.IND-D3/106/2018-IND

313
9/7/18

കേരള സർക്കാർ

വ്യവസായ(ഡി)വകുപ്പ്

06/07/2018,തിരുവനന്തപുരം

നമ്പർ.ഡി3/106/2018/വ്യവ

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ

കെൽട്രോൺ

തിരുവനന്തപുരം

സർ,

വിഷയം:- വ്യവസായ വകുപ്പ്-കെൽട്രോൺ എംപ്ലോയീസ് യുണൈറ്റഡ് ഫോറം സെക്രട്ടറിയും, കെൽട്രോൺ ജൂനിയർ എഞ്ചിനിയറുമായ ശ്രീ. സോമപ്പന്റെ തടഞ്ഞു വച്ച ആനുകൂല്യങ്ങൾ നൽകണമെന്ന അപേക്ഷ - സംബന്ധിച്ച്

സൂചന:- സർക്കാരിന്റെ 28-05-2018-ലെ ഇതേ നമ്പർ കത്ത്

സൂചനയിലെ സർക്കാർ കത്തിൽ ആവശ്യപ്പെട്ട റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
JAYASREE V K
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No.IND-D3/106/2018-IND

699
5/6/18

കേരള സർക്കാർ

നമ്പർ.ഡി3/106/2018/വ്യവ

വ്യവസായ(ഡി)വകുപ്പ്
തിരുവനന്തപുരം
തീയതി:28/05/2018

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ
കെൽട്രോൺ
തിരുവനന്തപുരം

സർ,

വിഷയം:- വ്യവസായ വകുപ്പ്- കെൽട്രോൺ എംപ്ലോയീസ് യുണൈറ്റഡ് ഫോറം സെക്രട്ടറിയും, കെൽട്രോൺ ജൂനിയർ എഞ്ചിനിയറുമായ ശ്രീ. സോമപ്പന്റെ മെഡിക്കൽ ലീവ് ലോസ് ഓഫ് പേ ആക്കിയത് ഒഴിവാക്കി ഡ്യൂട്ടി ലീവ് ആയി പരിഗണിച്ച് തടഞ്ഞു വച്ച ആനുകൂല്യങ്ങൾ നൽകണമെന്ന അപേക്ഷ -നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. സോമപ്പൻ താങ്കൾക്ക് മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ താൽപര്യപ്പെടുന്നു

വിശ്വസ്തതയോടെ,
JAYASREE V K
**അണ്ടര് സെക്രട്ടറി**
പ്രൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

# KERALA STATE ELECTRONICS DEVELOPMENT CORPORATION LTD.

(A Government of Kerala Undertaking)

CIN: U74999KL1972SGC002450

KELTRON

Keltron House
Vellayambalam
Thiruvananthapuram-695 033
INDIA

Phone : 91-0471-4094444
Fax : 91-0471-2724545
E-mail: md@keltron.org

സി.എച്ച്.ആർ./സർക്കാർ/മെഡിക്കൽ ലീവ്/2018/120 09.11.2018

പ്രിൻസിപ്പൽ സെക്രട്ടറി
വ്യവസായ (ഡി) വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം:- കെൽട്രോൺ എംപ്ലോയീസ് യുണൈറ്റഡ് ഫോറം സെക്രട്ടറിയും ജൂനിയർ എൻജീനിയറുമായ ശ്രീ. സോമപ്പന്റെ തടഞ്ഞു വച്ച ആനുകൂല്യങ്ങൾ നൽകണമെന്ന അപേക്ഷ - സംബന്ധിച്ച്.

സൂചന:- വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച 06.07.2018, 28.05.2018 എന്നീ തീയതികളിലെ ഡി3/106/2018/വ്യവ നമ്പർ സർക്കാർ കത്ത്.

സൂചനയിലെ കത്തുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കെൽട്രോൺ എംപ്ലോയീസ് യുണൈറ്റഡ് ഫോറം സെക്രട്ടറിയും ജൂനിയർ എൻജീനിയറുമായ ശ്രീ. സോമപ്പൻ കെൽട്രോണിന്റെ മൺവിള യൂണിറ്റിലെ ഒരു സ്ഥിരം ജീവനക്കാരനാണ്. 03.10.2017 ലെ അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം ടി വ്യക്തിയുടെ സ്ഥലമാറ്റത്തിനു ശേഷം ജോലിയിൽ നിന്നും മാറി നിന്ന കാലയളവിലേക്ക് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിഗണിച്ച് ശമ്പളത്തോടുകൂടിയുള്ള അവധി നൽകി സേവന കാലാവധി റെഗുലറൈസ് ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. സോമപ്പനെ 31.05.2016 ലെ ഓഫീസ് മെമ്മോ പ്രകാരം കെൽട്രോണിന്റെ മൺവിള യൂണിറ്റിന്റെ SVDS പ്രോജക്ടിന്റെ കാസർകോഡ് ജില്ലയിലെ കളക്ഷൻ സെന്ററിലെ ഒഴിവിലേക്ക് വർക്ക് അറൈഞ്ച്മെന്റ് വ്യവസ്ഥയിൽ 06.06.2016 മുതൽ നിയമിച്ചിരുന്നു. എന്നാൽ ശ്രീ. സോമപ്പൻ മേൽപറഞ്ഞ ഓഫീസ് മെമ്മോ സ്വീകരിച്ചിരുന്നില്ല. പ്രോജക്ടിന്റെ കളക്ഷൻ സെന്ററിൽ ഒഴിവ് നികത്തേണ്ട അത്യാവശ്യമായ സാഹചര്യത്തിൽ മാനേജ്മെന്റ് അദ്ദേഹത്തിന് നൽകിയ ഉത്തരവ് കൈപറ്റാതിരുന്ന സാഹചര്യത്തിൽ കമ്പനിയുടെ നിയമാവലി പ്രകാരം പ്രസ്തുത ഉത്തരവ് അദ്ദേഹത്തിന്റെ മേൽവിലാസത്തിൽ അയച്ചിരുന്നു. തുടർന്ന് ജൂൺ നാലാം തീയതി അദ്ദേഹത്തെ മൺവിള ഓഫീസിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവിറക്കി. പ്രസ്തുത ഉത്തരവും അദ്ദേഹം കൈപ്പറ്റാത്ത സാഹചര്യത്തിൽ ആ ഉത്തരവും അദ്ദേഹത്തിന്റെ മേൽവിലാസത്തിൽ അയക്കുകയും എന്നാൽ അത് കൈപ്പറ്റാതെ മടക്കുകയാണ് ചെയ്തത്.

...2/-

മാനേജ്മെന്റ് നിർദ്ദേശപ്രകാരം മേൽപറഞ്ഞ ജോലിസ്ഥലത്ത് ഹാജരാകാതിരുന്ന സാഹചര്യത്തിൽ അടിയന്തിരമായി 24 മണിക്കൂറിനകം ജോലിസ്ഥലത്ത് ഹാജരാകണമെന്ന് 11.06.2016 - ൽ മെമ്മോ നൽകി ആവശ്യപ്പെട്ടു. എന്നിട്ടും അദ്ദേഹം ജോലിസ്ഥലത്ത് ഹാജരാകാൻ തയ്യാറായില്ല. കൂടാതെ അനുവാദം കൂടാതെ ജോലിയിൽ നിന്നും മാറി നിൽക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 17.06.2016 - ൽ ശ്രീ. സോമപ്പന് അച്ചടക്ക നടപടിയുടെ ഭാഗമായി ചാർജ്ഷീറ്റും 15.07.2016 ൽ കാരണം കാണിക്കൽ നോട്ടീസും നൽകിയിരുന്നു. പ്രസ്തുത നോട്ടീസുകൾക്കൊന്നും മറുപടി നൽകാതിരുന്ന സാഹചര്യത്തിൽ സ്വാഭാവിക നീതിയുടെ ഭാഗമായി അദ്ദേഹത്തിന് പറയാനുള്ളത് നേരിട്ട് കേൾക്കുന്നതിനുള്ള അവസാന അവസരം നൽകികൊണ്ട് 25.07.2016 ലെ നോട്ടീസ് മുഖേന നേരിട്ട് ഓഫീസിൽ എഴുതി തയ്യാറാക്കിയ വിശദീകരണത്തോടൊപ്പം ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത നിർദ്ദേശം പാലിക്കാത്തപക്ഷം സ്ഥാപനത്തിൽ നിന്നും പിരിച്ചുവിടുന്നതടക്കമുള്ള നടപടികൾ ഉണ്ടാകുമെന്നും അറിയിച്ചിരുന്നു.

എന്നാൽ പ്രസ്തുത നോട്ടീസിൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 29.07.2016 ൽ തയ്യാറാക്കിയ ഒരു മറുപടി കത്ത് ആഗസ്റ്റ് 1, 2016 ന് ഈ ഓഫീസിൽ ലഭിക്കുകയാണുണ്ടായത്. പ്രസ്തുത കത്തിൽ, അദ്ദേഹത്തിന് മേൽപറഞ്ഞിരിക്കുന്ന ഉത്തരവുകളോ നോട്ടീസുകളോ ലഭിച്ചിട്ടില്ലായെന്നും ആയതിന്റെ പകർപ്പുകൾ ലഭിച്ചാൽ മാത്രമേ വിശദീകരണം നൽകാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ വിശദീകരണം നൽകുന്നതിനും നേരിട്ട് ഹാജരാകുന്നതിനും സമയം നീട്ടി നൽകണമെന്നും ശ്രീ. സോമപ്പൻ ആവശ്യപ്പെടുകയുണ്ടായി. കൂടാതെ അനാരോഗ്യം കാരണം ചികിത്സയുടെ ഭാഗമായ സ്വവസതിയിൽ നിന്നും മാറി നിൽക്കേണ്ട സാഹചര്യത്തിലാണ് മേൽപറഞ്ഞ ഉത്തരവുകളൊന്നും സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ലായെന്നും അറിയിച്ചു. തുടർന്ന് വിശദീകരണം നൽകാനും ഹിയറിഗിന് ഹാജരാകാനും ആഗസ്റ്റ് 8-ാം തീയതി വരെ സമയം അനുവദിക്കുകയും ചെയ്തു. 2016 ആഗസ്റ്റ് 7 ന് മേൽപറഞ്ഞ ട്രാൻസ്ഫർ ഓർഡറിനെതിരെ ശ്രീ.സോമപ്പൻ ബഹുമാനപ്പെട്ട കേരളാഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയല ചെയ്യുകയും ചെയ്തു. ആഗസ്റ്റ് 8 -ാം തീയതി നടന്ന ഹിയറിംഗിൽ മേൽപറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രീ.സോമപ്പൻ വീണ്ടും ആവർത്തിക്കുകയും അദ്ദേഹത്തിന്റെ ഭാഗത്തു നിന്ന തെറ്റുകൾ ഒന്നും സംഭവിച്ചിട്ടില്ലായെന്നും ആയതിനാൽ അച്ചടക്ക നടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

തുടർന്ന് 19.08.2016 ൽ അദ്ദേഹം മാനേജ്മെന്റ് ഉത്തരവു പ്രകാരം കാസർകോഡ് ജില്ലയിലെ കളക്ഷൻ സെന്ററിൽ ജോയിൻ ചെയ്യാൻ തയ്യാറാണെന്നും 26.08.2016-ൽ ഹാജരാകാൻ അനുവദിക്കണമെന്നും കത്ത് മുഖേന അറിയിക്കുകയുണ്ടായി. 26.08.2016-ൽ അദ്ദേഹം വീണ്ടും മേൽപറഞ്ഞ ആവശ്യം ഉന്നയിച്ചുകൊണ്ട് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ വീണ്ടും കത്ത് തരികയും ആയതിന്റെ അടിസ്ഥാനത്തിൽ 27.08.2016 ലെ ഓഫീസ്മെമ്മോ

പ്രകാരം അദ്ദേഹത്തിന് കാസർകോഡ് ജില്ലയിലെ കളക്ഷൻ സെന്ററിൽ ജോയിൻ ചെയ്യാനുള്ള അനുമതി നൽകുകയും ചെയ്തു. പ്രസ്തുത ഓഫീസ് മെമ്മോയിൽ അദ്ദേഹത്തിനെതിരെ നടക്കുന്ന അച്ചടക്ക നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി. ഇതിൻപ്രകാരം 31.08.2016 ൽ അദ്ദേഹം തിരുവനന്തപുരത്തെ പോലീസ് ട്രെയിനിംഗ് സെന്ററിൽ റിപ്പോർട്ട് ചെയ്യുകയും 2016 സെപ്റ്റംബർ 3 ന് ശ്രീ. സോമപ്പൻ SVDS പ്രോജക്ടിന്റെ കാസർകോഡ് ജില്ലയിലെ കളക്ഷൻ സെന്ററിൽ ജോലിക്ക് ഹാജരാകുകയും ചെയ്തു. ശ്രീ. സോമപ്പൻ നൽകിയ റിട്ട് പെറ്റീഷനിൽ ശ്രീ. സോമപ്പന് ട്രാൻസ്ഫർ സംബന്ധിച്ച നിവേദനം മാനേജ്മെന്റിന് നൽകാമെന്നും ടി വ്യക്തി രണ്ടു വർഷക്കാലയളവിനുള്ളിൽ വിരമിക്കുന്നതിനാൽ അത് മാനേജ്മെന്റ് പരിഗണിക്കേണ്ട താണെന്നും നിർദ്ദേശിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ശ്രീ. സോമപ്പൻ 2017 ഏപ്രിലിൽ മാനേജ്മെന്റിന് നിവേദനം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാസർകോഡ് SVDS പ്രോജക്ട് സൈറ്റിൽ വേണ്ടതായ ക്രമീകരണം നടത്തിയ ശേഷം 16.06.2017 ൽ തിരുവനന്തപുരത്തെ SVDS പ്രോജക്ടിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു.

ശ്രീ. സോമപ്പൻ ജോലിയിൽ പുനപ്രവേശിച്ച കാലയളവു മുതൽ പ്രസ്തുത വ്യക്തിക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ഈ ഓഫീസിൽ നിന്ന് നൽകിയിട്ടുണ്ട്. ശ്രീ. സോമപ്പന്റെ ലീവ് സംബന്ധിച്ച അപേക്ഷ പരിഗണിച്ച് ടിയാൻ ജോലിയിൽ നിന്ന് മാറി നിന്ന കാലയളവിലെ ശൂന്യവേതനാവധി (LWP), ടിയാന്റെ ക്രഡിറ്റിലുള്ള ലീവുകൾ കണക്കിലെടുത്ത് പരമാവധി ക്രമപ്പെടുത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം വിനയപൂർവം സർക്കാരിന്റെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഹേമലത റ്റി.ആർ.
മാനേജിംഗ് ഡയറക്ടർ